
# ഇന്ത്യൻ ഭരണഘടന

## ആമുഖം

**നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,**
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ
എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും
രാഷ്ട്രീയവുമായ **നീതി**, ചിന്ത, ആശയാവിഷ്കാരം,
വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള
**സ്വാതന്ത്ര്യം**, സ്ഥാനമാനങ്ങൾ, അവസരങ്ങൾ
എന്നിവയിലുള്ള **സമത്വം** എന്നിവ
ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും
രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും
ഉറപ്പുവരുത്തുന്ന **സാഹോദര്യം** എല്ലാവരിലും
വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട്
**നമ്മുടെ ഭരണഘടനാസഭയിൽവെച്ച്,**
1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം
**ഈ ഭരണഘടനയെ അംഗീകരിക്കുകയും**
**നിയമമാക്കുകയും നമുക്കായിത്തന്നെ**
**സമർപ്പിക്കുകയും ചെയ്യുന്നു.**

# കാടുകുറ്റി ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2026 – 27



"നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനായ
നിസ്സാഹയനായ മനുഷ്യന്റെ മുഖം സങ്കൽപ്പിച്ചു നോക്കുക.
എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും
രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ച് നോക്കുക."



# ബജറ്റ് ആമുഖം

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ഭരണസമിതിയുടെ ആദ്യ ബജറ്റ് ഇന്നിവിടെ അവതരിപ്പിക്കുകയാണ്. കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ സമ്പൂർണ്ണ വളർച്ചക്കും വികസന ലക്ഷ്യത്തിലൂന്നിയുമുള്ള ബജറ്റാണ് വിഭാവനം ചെയ്ത് അവതരിപ്പിക്കുന്നത് എന്നതിൽ ഏറെ അഭിമാനിക്കുന്നു. പഞ്ചായത്ത് ബജറ്റ് ആമുഖം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തേക്കുള്ള വികസന നയരേഖയാണ്. ഇത് മുൻവർഷത്തെ നേട്ടങ്ങൾ വിലയിരുത്തുകയും, വാർഷിക പദ്ധതി പ്രകാരമുള്ള വരുമാനചെലവ് പ്രൊപ്പോസലുകൾ, ക്ഷേമ പ്രവർത്തനങ്ങൾ, അടിസ്ഥാന സൌകര്യ വികസനം എന്നിവ മുൻനിർത്തി തയ്യാറാക്കുന്നതാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി സുതാര്യമായ ഭരണത്തിന് ഈ ആമുഖം വഴിയൊരുക്കുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായത്. അധികാരവികേന്ദ്രീകരണം ഉളവാക്കിയ പ്രവർത്തന വൈപുണ്യം മൂലം ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന കാര്യങ്ങളിൽ ഉണ്ടായ ഗതിവേഗം തദ്ദേശഭരണസ്ഥാപന സംബന്ധിയായ കാര്യശേഷി ഉയർത്തലിലേക്കും പ്രാദേശിക സർക്കാർ എന്ന തലത്തിലുള്ള ഉത്തരവാദിത്വ നിർവ്വഹണത്തിലേക്കും ഗ്രാമപഞ്ചായത്തുകളെ എത്തിച്ചു. കൂടാതെ ആയതിന് ഉതകുന്ന പദ്ധതികൾ രൂപീകരിക്കുകയും ആയിതിന് വേണ്ടുന്ന തുക കണ്ടെത്തി ആയത് ബജറ്റിലൂടെ വകയിരുത്തി പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതാണ് പഞ്ചായത്ത് വകുപ്പിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള ചുമതലകളിൽ പ്രധാനം.

പഞ്ചായത്ത് സംവിധാനം സ്ഥാപിക്കുന്നതിനു പിന്നിലെ പ്രധാന ലക്ഷ്യം അടിസ്ഥാന തലത്തിലുള്ള ജനങ്ങൾക്ക് അധികാരങ്ങൾ ഏൽപ്പിച്ചുകൊടുത്തുകൊണ്ട് ജനാധിപത്യത്തെ ഗ്രാമതലത്തിലേക്ക് എത്തിക്കുക എന്നതാണ്. ഒരു പഞ്ചായത്തിലെ ജനങ്ങളെക്കുറിച്ചും അവിടെയുള്ള പ്രശ്നങ്ങളെ കുറിച്ചും പഞ്ചായത്ത് അംഗങ്ങൾക്ക് പരിചിതമാണ്. അതിനാൽ അവർക്ക് അവരുടെ ഗ്രാമത്തിലെയോ പ്രദേശങ്ങളിലെയോ ജനങ്ങൾക്ക് അനുകൂലമായി കൂടുതൽ അറിവുള്ള തീരുമാനമെടുക്കാൻ കഴിയും മാത്രമല്ല ഇത് പഞ്ചായത്ത് അംഗങ്ങളും ഗ്രാമവാസികളും തമ്മിൽ ഒരു സൌഹാർദ്ദപരമായ ബന്ധം വളർത്തിയെടുക്കുന്നു, ഇത് അവരുടെ അഭിപ്രായങ്ങൾ ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കുന്നതിനും പരിഹാരങ്ങൾ തേടുന്നതിനുമുള്ള ഒരു മാധ്യമമായി പ്രവർത്തിക്കുന്നു. സാധാരണക്കാരായ ജനങ്ങൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് കൂടുതൽ ബോധാവാന്മാരാകുന്നതിന് പഞ്ചായത്തുകൾക്ക് ഉയർന്ന തലത്തിലുള്ള ഉത്തരവാദിത്തമുണ്ട്. ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സാമൂഹിക സാമ്പത്തിക ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും പഞ്ചായത്ത് പ്രവർത്തിക്കുന്നു.

സാമൂഹ്യ വികസനരംഗത്ത് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ആസൂത്രണ വികസനം ഗ്രാമീണ തലത്തിൽ രൂപപ്പെടുത്തിയും അധികാര വികേന്ദ്രീകരണം അതിന്റെ പൂർണ്ണ രൂപത്തിൽ നടപ്പിലാക്കുന്നതിനും സാമ്പത്തിക വർഷ ബജറ്റ് രൂപീകരണത്തിൽ കാട്ടുകുറ്റി പഞ്ചായത്തിനോടൊപ്പം സഹകരിച്ച മുഴുവൻ സുമനസ്സുകൾക്കും അഭിനന്ദനങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും ഔദ്യോഗികമായ ഈ ബജറ്റ് കാട്ടുകുറ്റി പഞ്ചായത്തിന്റെ വികസനക്കുതിപ്പിലേക്കുള്ള വെളിച്ചമായി മാറട്ടെ എന്ന് പ്രത്യാശിക്കുന്നു.

**മനോജ് കെ.സി.**
പ്രസിഡന്റ്
കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്



# ബജറ്റ് 2026-27 പ്രസംഗം

പ്രിയമുള്ളവരെ,

കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് ഭരണസമിതി 2026-27 സാമ്പത്തിക വർഷത്തേക്കായുള്ള ബജറ്റ് ഈ യോഗത്തിലൂടെ അവതരിപ്പിക്കാൻ സാധിച്ചതിൽ എനിക്ക് അഭിമാനവും അതിലേറെ സന്തോഷവും ഉണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതിയിലെ അവസാനഘട്ടത്തിലാണ് നാമിപ്പോൾ. ഈ ഭരണസമിതിയുടെ ആദ്യ ബജറ്റ് ആണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. 2026-27 സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ നമ്മുടെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയെടുക്കുവാൻ നമുക്ക് കഴിഞ്ഞു. കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിൻറെ സമഗ്ര മേഖലകളിലും വികസനത്തിൽ അധിഷ്ഠിതമായ സ്ഥായിയായ മുന്നേറ്റം സൃഷ്ടിച്ചുകൊണ്ട മുഴുവൻ ജനങ്ങൾക്കും ആയതിൻറെ ഗുണങ്ങൾ എത്തിക്കുക എന്ന മഹനീയ ലക്ഷ്യമാണ് ഈ ബജറ്റിലൂടെ ഭരണസമിതി വിഭാവനം ചെയ്യുന്നതും. മാലിന്യം വലിച്ചെറിയൽ എന്ന സംസ്കാരത്തെ മാറ്റി നല്ല ശുചിത്വമുള്ള നാട് സൃഷ്ടിക്കുക എന്നതും ശ്രമകരമാണ്. ആയതിലേയ്ക്കും നമ്മുടെ ഭരണസമിതി ലക്ഷ്യം കൈവരിക്കുവാൻ ഊന്നൽ നൽകുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏറ്റുമുട്ടലുകൾ നമ്മുടെ ധനസ്ഥിതിയെയും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളെയും ബാധിക്കുന്നുണ്ട്. സമ്പൂർണ്ണ ഭവന പദ്ധതിയും, സമ്പൂർണ്ണ ആരോഗ്യ സംരക്ഷണ ഭാഗമായി ഓപ്പൺ ജിം, ഹാപ്പിനസ് പാർക്കുകൾ, പകൽ വീട് എന്നിവ ലക്ഷ്യം വയ്ക്കുന്നു. കൂടാതെ റോഡുകളുടെ പുനരുദ്ധാരണവും കാർഷിക മേഖലകളിൽ പുത്തൻ ഉണർവ്വ് സൃഷ്ടിച്ചും, ടൂറിസം പ്രോത്സാഹിപ്പിച്ചും നാടിന്റെ സമഗ്രമായ വികസനം, സാമ്പത്തിക സാമൂഹിക നീതിയിൽ അധിഷ്ഠിതമായ വികസനം സാദ്ധ്യമാക്കുന്നതിന് ഈ ബജറ്റ് ലക്ഷ്യമിടുന്നു. മുൻ നീക്കിയിരിപ്പ് 2026-2027 വർഷത്തെ വരവും ചെലവും പ്രതീക്ഷിക്കുന്നു. ഈ ബജറ്റ് വർഷത്തെ വർഷാന്ത്യം നീക്കിയിരിപ്പ് പ്രതീക്ഷിക്കുന്നു.

## സമ്പൂർണ്ണ പാർപ്പിട ഗ്രാമം

സർക്കാർ വിഭാവനം ചെയ്യു നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതിയോട് ചേർന്ന് നിന്നുകൊണ്ട് കാട്ടുകുറ്റി ഗ്രാമപഞ്ചായത്തും സമ്പൂർണ്ണ ഭവന ഗ്രാമമാക്കുവാൻ തീരുവാൻ തയ്യാറെടുക്കുകയാണ്. അതിന്റെ ഭാഗമായി ഭൂരഹിത ഭവനരഹിതരെ ഉൾപ്പെടുത്തി അഗതികർക്ക് ഭവനനിർമ്മാണത്തിനും തുക ഉൾപ്പെടുത്തിയിട്ടുണ്ട്.കൂടാതെ ജനറൽ വിഭാഗത്തിലും എസ് സി വിഭാഗത്തിലും വീട് അറ്റകുറ്റപ്പണി നടത്തി താമസയോഗ്യമാക്കുന്നതിനും എല്ലാവർക്കും പാർപ്പിടം എന്ന സ്വപ്നം യാതാർത്ഥ്യമാക്കാനും ബജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ദുരന്തനിവാരണം

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ ദുരന്ത സാദ്ധ്യതകൾ കുറയ്ക്കുന്നതിനും ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സംരക്ഷണം തേടുന്നതിനും ഫൈബർ ബോട്ടുകൾ വാങ്ങുന്നതിന് ബജറ്റ് ലക്ഷ്യമിടുന്നു. പഞ്ചായത്തിൽ ദുരന്തനിവാരണ സേന രൂപീകരിച്ച് അവർക്ക് പരിശീലനം നൽകുന്നു. പഞ്ചായത്തിൽ അലർട്ട് സിസ്റ്റം സ്ഥാപിക്കുവാനും കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുവാനും ലക്ഷ്യമിടുന്നു.വിവിധ തോടുകൾ വൃത്തിയാക്കുന്നത് വഴി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും 10ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സ്ത്രീ സൌഹൃദ പഞ്ചായത്ത്

പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിൽ എല്ലാ കമ്മിറ്റികളിലും സ്ത്രീ സാന്നിദ്ധ്യം ഉറപ്പുവരുത്തി സ്ത്രീകളുടെ പങ്കാളിത്തം, ജെന്റർ റിസോഴ്സ് സെന്റർ, കൌൺസിലിംഗ് ജാഗ്രതാ സമിതി കാര്യക്ഷമമാക്കൽ, കുടുംബശ്രീ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കൽ, സ്ത്രീ സൌഹൃദ ഹെൽപ്പ് ഡെസ്ക്. കൂടാതെ പൊതു ഇടങ്ങളിൽ ലൈറ്റുകൾ സ്ഥാപിച്ച് സ്ത്രീ സുരക്ഷ ഉറപ്പാക്കൽ, തൊഴിൽ സംരംഭങ്ങൾ, പരിശീലനങ്ങൾ, സ്ത്രീകൾക്ക് ഹെൽത്ത് സെന്റർ, തുണി സഞ്ചി, പേപ്പർ ബാഗ് നിർമ്മാണം എന്നിവയും ബജറ്റ് ലക്ഷ്യമിടുന്നു. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി 3 ഫിറ്റ്നെസ് സെന്ററുകൾ അന്നനാട്, കാട്ടുകുറ്റി, വൈന്തല എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിനും സാധിക്കുന്നു. സ്ത്രീകൾക്കായി സൌജന്യ യോഗ, ഡ്രൈവിംഗ് പരിശീലനം, നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്റർ, വനിതാസൌഹൃദ ടോയ്ലറ്റ് എന്നിവയും ബജറ്റ് ലക്ഷ്യമിടുന്നു. ആയതുവഴി സ്ത്രീ സമൂഹത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും 36 ലക്ഷം രൂപ വകയിരുത്തി സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം ബജറ്റ് ലക്ഷ്യം വയ്ക്കുന്നു.

## കാർഷിക-സ്വയംപര്യാപ്ത ഗ്രാമം

തരിശ് രഹിതം എന്ന ലക്ഷ്യത്തോടെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് മുന്നേറുകയാണ്. ആദ്യകാലങ്ങളിൽ 50 ഹെക്ടർ നെൽകൃഷി എന്നത് ഇന്നു 200 ഹെക്ടർ ആക്കി നെൽകൃഷി ചെയ്യുന്നു. അടുത്ത വർഷത്തോട് കൂടി തരിശ് രഹിത പഞ്ചായത്ത് എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ബജറ്റ് ലക്ഷ്യമിടുന്നു. കർഷകർക്ക് വിത്ത്, വളം, ഉഴവുകൂലി, ഇൻഷ്വറൻസ് നൽകി കർഷകർക്ക് പ്രോത്സാഹനം നൽകുന്നു. കൂടാതെ ജൈവ നെൽകൃഷിക്കാരിൽ നിന്നും സംഭരിക്കുന്ന അരി കാട്ടുകുറ്റി റൈസ് എന്ന പേരിൽ വിപണനം നടത്തുന്നതിനും ലക്ഷ്യമിടുന്നു. കൃഷി ഭവന്റെ സഹായത്തോടെ സന്നദ്ധ പ്രവർത്തകരുമായി ചേർന്ന് തെങ്ങ് കയറ്റ സേന എന്ന പുതിയ പദ്ധതിക്ക് രൂപം നൽകാനും അതുവഴി വീട്ടുകളിലെ തെങ്ങുകളിൽ നിന്നും തേങ്ങ ഇടാൻ ആളെ ലഭിക്കാത്ത പ്രതിസന്ധി പരിഹരിക്കാനും സാധിക്കും.പഞ്ചായത്തിലെ ചെറുകിട ജലസേചന പദ്ധതികൾ വിപുലീകരിക്കുന്നതിനും വിവിധ തോടുകളുടെ മെയിന്റനൻസും ലക്ഷ്യമിടുന്നു. കർഷകർക്ക് ഹൈബ്രീഡ് തെങ്ങിൻ തൈകളും ഫലവൃക്ഷങ്ങളും നൽകുന്നതിനും ആയതുവഴി ഒരു മികച്ച കാർഷിക രംഗ ഉണർവ്വിന് ബജറ്റ് ലക്ഷ്യമിടുന്നു. കാർഷിക അഭിവൃദ്ധിക്ക് ഭാവനാ സമ്പന്നമായ പരിപാടികൾ സംഘടിപ്പിക്കുന്നതിനും 70 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## വിദ്യാഭ്യാസം, കലാകായിക വിനോദം, സംസ്കാരം

വിദ്യാഭ്യാസത്തിലൂടെ നല്ല പൌരനെ വാർത്തെടുക്കുന്നു. കുട്ടികളാണ് നാടിന്റെ സമ്പത്ത്. SSA ഫണ്ട് ഇതിനായി ഉപയോഗിക്കുന്നു. പുസ്തകങ്ങൾ, കമ്പ്യൂട്ടർ എന്നിവ നൽകി വായനശാലകളെ പരിപോഷിപ്പിക്കുവാനും ലക്ഷ്യമിടുന്നു. കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് ഗെയിംസ് ഫെസ്റ്റിവൽ നടത്തുന്നു. സ്പോർട്സ് അക്കാദമി ആരംഭിക്കുവാനും കാട്ടുകുറ്റിയിൽ കളിസ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനും കുട്ടികളുടെ വേനൽക്കാലാവധി കൂടുതൽ ആനന്ദകരകമാക്കാൻ സ്പോർട്സ് ക്യാമ്പ് നടത്തുവാനും ബജറ്റ് ലക്ഷ്യമിടുന്നു. തൊഴിൽ നിലവാരം ഉയർത്തുന്നതിന് PSC കോച്ചിങ്ങും യുവതി യുവാക്കൾക്ക് പരമാവധി തൊഴിൽ ലഭിക്കുന്ന രീതിയിൽ സ്കിൽ ഡവലപ്പ്മെന്റ് പരിശീലനം കൂടാതെ പ്രാദേശിക രീതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരിക്കുന്നതിന് 40 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## വയോജന സൌഹൃദ പഞ്ചായത്ത്

വയോജനങ്ങൾക്ക് പൊതു സ്ഥാപനങ്ങളിൽ സൌകര്യവും പരിഗണനയും ഉറപ്പുവരുത്തുന്നു. വയോജന ക്ലബ്ബുകൾ രൂപീകരിച്ച് കൂട്ടായ്മകൾ സൃഷ്ടിക്കുക, മാനസിക-ശാരീരിക ഉന്നമനത്തിനുള്ള പദ്ധതികളും, ഐഡിന്റിറ്റി കാർഡ്, ഹെൽത്ത് കാർഡ്, വിവിധ പരിശീലനങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവയും ബജറ്റ് ലക്ഷ്യം വയ്ക്കുന്നു. വിവിധ വാർഡുകളിൽ വയോജന ക്ലബ്ബ് ആരംഭിക്കുന്നതിനും വയോജനങ്ങൾക്ക് പകൽവീട് എന്ന സ്വപ്നം യാതാർത്ഥ്യമാക്കുന്നതിനും 23 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ഭിന്നശേഷി സൌഹൃദം

പഞ്ചായത്തിന്റെ എല്ലാ സ്ഥാപനങ്ങളും ഭിന്നശേഷി സൌഹൃദമാക്കുന്നു. മിനി സിവിൽ സ്റ്റേഷനിലും മറ്റ് ഘടകസ്ഥാപനങ്ങളിലും റാമ്പ് സ്ഥാപിച്ച് ഭിന്നശേഷി സൌഹൃദമാക്കാൻ ബജറ്റ് ലക്ഷ്യമിടുന്നു. കൂടാതെ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകുന്നതിനും തൊഴിൽ പരിശീലനങ്ങളും, തൊഴിൽ സംരംഭങ്ങളും സംഘടിപ്പിക്കുന്നതിനോടൊപ്പം ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി 12 ലക്ഷം രൂപ വകയിരുത്തി സമഗ്രപദ്ധതികളും വിഭാവനം ചെയ്യുന്നു.

## സദ്ഭരണത്തിലൂടെ ജനങ്ങളിലേക്ക്

പഞ്ചായത്ത് ഓഫീസ് ജനകീയമാക്കുന്നതിനായ് സേവനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി വീഡിയോ കോൺഫറൻസ് ഹാൾ, സോളാർ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിച്ച് മിച്ചം വൈദ്യുതി KSEB യിലേക്ക് നൽകുന്നു. ജനറേറ്റർ സ്ഥാപിച്ച് പഞ്ചായത്തിനും അനുബന്ധ സ്ഥാപനങ്ങൾക്കും തടസ്സമില്ലാതെ ജോലി ചെയ്യുന്നതിനുള്ള സൌകര്യം ഒരുക്കിയിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ഷോപ്പിംഗ് കോപ്ലക്സുകൾ, ആധുനിക കോൺഫറൻസ് ഹാൾ നിർമ്മിക്കുന്നതിന് ബജറ്റ് ലക്ഷ്യമിടുന്നു. പഞ്ചായത്ത് ഓഫീസ് നവീകരിക്കുന്നതിനും കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ സ്വപ്ന പദ്ധതിയായ മിനി സിവിൽ സ്റ്റേഷന്റെ പൂർത്തീകരണത്തിനും 50 ലക്ഷം രൂപ മാറ്റി വെച്ചിട്ടുണ്ട് കൂടാതെ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും വളരെ ഉപകാരപ്രദമായി ലിഫ്റ്റ് സ്ഥാപിക്കുന്നതിന് 15 ലക്ഷം രൂപ കൂടി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ലേബർ ബാങ്ക് രൂപീകരിക്കുവാനും കൂടാതെ പ്രധാന കേന്ദ്രങ്ങളിൽ സൌജന്യ വൈ ഫൈ ആക്കുന്നതിനും ബജറ്റ് ഊന്നൽ നൽകുന്നു. സ്മൃതി മണ്ഡപത്തിന് സമീപം പനമ്പിള്ളി ഗോവിന്ദമേനോന്റെ പ്രതിമ സ്ഥാപിക്കുന്നതിനും പ്രധാന ജംഗ്ഷനുകളിൽ ജനകീയ പങ്കാളിത്തത്തോടെ സി സി ടിവി സ്ഥാപിക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. ജനങ്ങൾക്ക് സൌകര്യപൂർവ്വം ഡയപ്പർ നിർമ്മാർജ്ജന സംവിധാനമൊരുക്കുന്നതിനും ലക്ഷ്യമിടുന്നു. കിലയുടെ സഹായത്തോടെ ജനപ്രതിനിധികളിൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്താൻ പഠനയാത്രയും ഒരുക്കാൻ പദ്ധതിയിടുന്നു.

## സമ്പൂർണ്ണ കുടിവെള്ളം

എല്ലാ വിഭാഗം ജനങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക എന്നത് പഞ്ചായത്തിന്റെ കർത്തവ്യമാണ്. ഉപയോഗശൂന്യമായ പൊതുകിണറുകൾ വൃത്തിയാക്കി സംരക്ഷിക്കുന്നു. കിണർ റീചാർജിംഗ് വഴി ജലസംരക്ഷണം, കൂടാതെ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകൽ എന്നിവക്കായി 20 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതും ഇതുവഴി കുടിവെള്ളം ലഭ്യമാക്കുന്നതിനും കഴിയുന്നു.

## ക്ലീൻ കാട്ടുകുറ്റി

മനുഷ്യനും പരിസ്ഥിതിക്കും പരമാവധി ഉപദ്രവരഹിതമായി മാലിന്യങ്ങൾ അഥവാ പാഴ്വസ്തുക്കളുടെ ശേഖരണം, വിനിമയം, മേൽനോട്ടം, നീക്കം ചെയ്യുകയും അവയെ യഥാവിധി കൈകാര്യം ചെയ്യുന്നതും ആണ് മാലിന്യ സംസ്കരണം എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്.അതിന് മുന്നിട്ട നിൽക്കുന്ന പഞ്ചായത്താണ് കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്. എല്ലാ വാർഡുകളിൽ നിന്നും ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യം വാർഡുകളിലെ മിനി MCF ലേക്കും തുടർന്ന് മെറ്റീരിയൽ കളക്ഷൻ സെന്ററിലേക്കും മാറ്റപ്പെടുന്നു. MCF ന്റെ സുഗമമായ പ്രവർത്തനത്തിനായി ബെയിലിംഗ് മെഷീൻ, സോർട്ടിംഗ് ടേബിൾ എന്നിവയും മേൽനോട്ടത്തിനായി CCTV ക്യാമറയും സുരക്ഷക്കായി ഫയർഎക്സിറ്റിംഗ്യൂഷറും വാട്ടർ ടാങ്കും ഉറപ്പാക്കിയിട്ടുണ്ട്. പുതിയതായി ഒരു മെറ്റീരിയൽ കളക്ഷൻ സെന്റർ കൂടി നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ക്ഷീര സമൃദ്ധി

ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പശുക്കുട്ടി വിതരണം, തീറ്റ സബ്സിഡി, പാൽ സബ്സിഡി, കന്നുകുട്ടി പരിപാലനം, പശുവിതരണം എന്നിവ ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. തൊഴിലുറപ്പ് പദ്ധതികളിലൂടെ തൊഴുത്ത്, ആട്ടിൻ കൂടുകൾ, കോഴിക്കൂടുകൾ എന്നിവ നൽകുന്നു. മുട്ടഗ്രാമമാക്കി ഗ്രാമപഞ്ചായത്തിനെ മാറ്റുന്നതിനായി മുട്ടക്കോഴികളെ വിതരണം ചെയ്ത് നടപ്പിലാക്കുന്നു. ഇതിനായി 17 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ആരോഗ്യ സംരക്ഷണം

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയവും OP സംവിധാനം ഉറപ്പാക്കൽ അതിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങളും അനുബന്ധ ജീവനക്കാരെയും ഉറപ്പുവരുത്തുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. നിലവിലെ പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ സാഹചര്യത്തിൽ പഞ്ചയാത്തിന്റെ മികച്ച ആശുപത്രി എന്ന നിലവാരത്തിലേക്ക് മാറ്റുന്നതിനും ഉദ്ദേശിക്കുന്നു. ആയുർവ്വേദം, അലോപ്പതി, ഹോമിയോ എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. എല്ലാവരുടേയും ആരോഗ്യ സംരക്ഷണത്തിനായി ഓപ്പൺ ജിം (വൈന്തല, അന്നനാട്, കുലയിടം, കാട്ടുകുറ്റി, അമ്പഴക്കാട്) നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. വരുമാന പരിധിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് രോഗികൾക്കു ധനസഹായം നൽകുന്നതിനും കാട്ടുകുറ്റി FHCയിൽ രാവിലെ മുതൽ വരുന്ന രോഗികൾക്ക് വേണ്ടി സ്നാക്ക്സ് പാർലർ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. പാലിയേറ്റിവ് കെയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സബ് സെന്റർ എഫ് എച്ച് സി കീഴിൽ പാളയംപറമ്പിൽ പുതിയകെട്ടിടത്തിനും മാനസീക പിരിമുറുക്കം നേരിടുന്നവർക്ക് കൌൺസിലിംഗ് ക്യാമ്പ് നടത്തുന്നതിനും 70 ലക്ഷം രൂപ ബജറ്റ് ലക്ഷ്യമിടുന്നു.

## കാട്ടുകുറ്റി ടൂറിസം

പ്രാദേശിക ടൂറിസ വികസനം പ്രദേശത്തിന്റെ സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിക്ക് മാറ്റ് കൂട്ടുന്ന ഒന്നാണ്. ചാലക്കുടിപ്പുഴ-കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ ഒരു വശത്ത്കൂടി ഒഴുകുന്നതിനാൽ പ്രകൃതിദത്തമായ ആറങ്ങാലി മണപ്പുറത്തിന് ടൂറിസ സാദ്ധ്യതയേറെയാണ്. ആയതിനാൽ പ്രാദേശിക കൂട്ടായ്മയുടെ ഭാഗമായി ആറങ്ങാലി ഫെസ്റ്റ് നടത്തി വരുന്നു. ടൂറിസം വിപുലീകരിക്കുന്നതിന് കുട്ടികൾക്ക് പാർക്കും, വിശ്രമകേന്ദ്രങ്ങളും പരിസ്ഥിതി സൌഹൃദ ഇരിപ്പിടങ്ങളും വ്യൂ പോയിന്റ് എന്നിവ നിർമ്മിക്കുവാനും ബജറ്റ് ലക്ഷ്യമിടുന്നു.പടവുകൾ ഭംഗിയാക്കുന്നതിനും വൃക്ഷങ്ങൾവച്ചു പിടിപ്പിക്കുന്നതിനും, ഓക്സ്ബോ തടാകം, ചാത്തൻചാൽ ചരിത്ര പ്രസിദ്ധമായ സമ്പാളൂർ തീർത്ഥാടന കേന്ദ്രം എന്നിവയുടെ വികസനവും കേന്ദ്ര-സംസ്ഥാന ഫണ്ട് ഉപയോഗിച്ച്

പുഴയോരങ്ങളിൽ കെട്ടിസംരക്ഷണവും ഉദ്ദേശിക്കുന്നു. ഇതിനായി 18 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ബാലസൌഹൃദ അംഗനവാടി

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് അവരുടെ ആരോഗ്യം,വിദ്യാഭ്യാസം, പങ്കാളിത്തം, സംരക്ഷണം എന്നിവ ഉറപ്പാക്കിക്കൊണ്ടാണ് കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ ബാലസൌഹൃദ അംഗനവാടികൾ മുന്നോട്ട് പോകുന്നത്. ഇവിടെ കളിച്ചു വളർന്ന കുട്ടികളാണ് നാളത്തെ നമ്മുടെ നാടിന്റെ ഭാവിഭാഗധേയത്വം നിർണ്ണയിക്കേണ്ടത്. കുട്ടികൾക്കായി സുരക്ഷിതമായ കളിസ്ഥലങ്ങളും, കലാ-കായിക അഭിരുചികൾ പരിപോഷിപ്പിക്കുന്നതിന് കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു.മാത്രമല്ല ആധുനിക സൌകര്യങ്ങളൊരുക്കി പുതിയ അംഗനവാടികൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു. കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിൽ ഈ വർഷം വട്ടക്കോട്ടയിൽ ബാലസൌഹൃദ അംഗവാടി നിർമ്മിക്കുന്നതിന് 20 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എല്ലാ അംഗനവാടികളിലും കുട്ടികൾക്കായി കളിപ്പാർക്കും ബജറ്റ് ലക്ഷ്യമിടുന്നു.

## ഹാപ്പിനസ് പാർക്കുകൾ

പഞ്ചായത്തിൽ വിവിധ വാർഡുകളിൽ വയോജന ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും അവരുടെ ഒറ്റപ്പെടലുകൾ ഒഴിവാക്കുവാനും അവർക്ക് ഒത്തുകൂടി സൌഹൃദം വളർത്തുന്നതിനും സന്തോഷകരമായ ജീവിതം നയിക്കുന്നതിനുള്ള ഒരു ഇടം എന്ന നിലയിൽ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ( കുലയിടം, അമ്പഴക്കാട്, തൈക്കൂട്ടം) ഹാപ്പിനസ് പാർക്കുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. വയോജനങ്ങൾക്ക് മാനസിക ഉല്ലാസം കണ്ടെത്തുന്നതിനും കലാ-കായിക മത്സരങ്ങളും സംഗമങ്ങൾ സംഘടിപ്പിക്കുന്നതിന് ബജറ്റ് ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

എല്ലാ ജനവിഭാഗങ്ങളുടെയും ജീവിത ശൈലി രോഗങ്ങൾക്ക് അറുതി വരുത്തുന്നതിനും ആരോഗ്യ രംഗത്ത് സമഗ്രമായ വികസനം ലക്ഷ്യമാക്കികൊണ്ട് ആരോഗ്യപരിപാലനത്തിനും വേണ്ടി വിവിധ സ്ഥലങ്ങളിൽ (അന്നനാട്, കുലയിടം, കാട്ടുകുറ്റി, വൈന്തല, അമ്പഴക്കാട്) ഓപ്പൺ ജിം ആരംഭിക്കുന്നതാണ്. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ 5 ലക്ഷം രൂപ വിലയിരുത്തിയിട്ടുള്ളതാണ്.

## പശ്ചാത്തലസൌകര്യമൊരുക്കൽ

പഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ചിട്ട ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണവും കൂടാതെ മറ്റ് റോഡുകൾ സഞ്ചാരയോഗ്യമാക്കുവാനും ബജറ്റ് ലക്ഷ്യമിടുന്നു. സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി നടപ്പിലാക്കുന്നതിനും പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിലായി പൊതു ടോയ്ലറ്റ് നിർമ്മാണത്തിനും പഞ്ചായത്ത് ബസ് സ്റ്റാന്റ് കെട്ടിടത്തിന്റെ മുകളിൽ ആധുനിക മിനി ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുമായി 3 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിൽ അടുത്ത ഒരു വർഷക്കാലം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്കുള്ള വിലയിരുത്തലുകളാണ് ഈ ബജറ്റിൽ പ്രതിപാദിക്കുന്നത്. ഇത് അംഗങ്ങളുടെ സമഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

**മോളി തോമസ്**
വൈസ് പ്രസിഡന്റ്
കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

# കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത്

## ബജറ്റ് 2026-27

**കെ. സി. മനോജ്**

**പ്രസിഡന്റ്**

**മോളി തോമസ്**

**വൈസ് പ്രസിഡന്റ്**

## ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

- ശ്രീമതി. മോളി തോമസ് — ചെയർപേഴ്സൺ
- ശ്രീമതി. ലീന ഡേവിസ് — അംഗം
- ശ്രീമതി. ബിന്ദു സുബ്രൻ — അംഗം
- ശ്രീമതി. ലൈജ്ജ ഡെന്നി — അംഗം
- ശ്രീ. ബാബു നമ്പാടൻ — അംഗം

## വികസന സ്റ്റാന്റിംഗ് കമ്മിറ്റി

- ശ്രീ. തോമാസ് ഐ. കണ്ണത്ത് — ചെയർപേഴ്സൺ
- ശ്രീ. വിനോജ് ജോസ് — അംഗം
- ശ്രീ. ബിജ്ജു പ്ലാശ്ശേരി — അംഗം
- ശ്രീമതി. സീന ജോസ് — അംഗം

## ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

- ശ്രീമതി. ജെസ്മോൾ അലക്സ് — ചെയർപേഴ്സൺ
- ശ്രീമതി. ടീന മെന്റസ് — അംഗം
- ശ്രീ. പി.എൽ. ജോയി — അംഗം
- ശ്രീ. ജോബി പയ്യപ്പിള്ളി — അംഗം

## ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

- ശ്രീ. എം.ആർ. ഡേവിസ് — ചെയർപേഴ്സൺ
- ശ്രീമതി. ജിറ്റി ജിഷോ — അംഗം
- ശ്രീമതി. ടെസ്സി ഷാജ്ജ — അംഗം
- ശ്രീ. ബിനീഷ് കുമാർ — അംഗം

# കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരും വിവിധ സെക്ഷനുകളും

| തസ്തിക | പേര് | ഫോൺ നമ്പർ |
|---|---|---|
| സെക്രട്ടറി | ശ്രീമതി അനുപമ എ വി | 9447972817 |
| അസി.സെക്രട്ടറി | ശ്രീമതി ഉഷ പി. ആർ | 9947668870 |
| ജൂനിയർ സൂപ്രണ്ട് | ശ്രീ വിനോദ് കുമാർ എ വി | 9447308930 |
| അക്കൗണ്ടന്റ് | ശ്രീമതി. ഷീജ എൻ കെ | 9946231638 |
| സീനിയർ ക്ലർക്ക് | ശ്രീമതി. സംഗീത കെ. എച്ച് | 7559033948 |
| ക്ലർക്ക് | ശ്രീമതി.പ്രീത എം ബി | 9847470840 |
| | ശ്രീമതി. രമ്യ കെ എസ് | 9744417707 |
| | ശ്രീമതി.മേരി എ വി | 9946179149 |
| | ശ്രീമതി. ഗ്രേഷ്മ അബ്രഹാം | 7034505404 |
| | ശ്രീ. ശങ്കർ പി വി | 8547889558 |
| | ശ്രീ. ശബരിനാഥ് കെ എസ് | 9656316062 |
| ഓഫീസ് അറ്റന്റന്റ് | ശ്രീമതി. സരിത ആർ എസ് | 8547367689 |
| | ശ്രീമതി സൂര്യ എ എസ് | 8157855783 |
| | ശ്രീ ജിദേഷ് കെ ബി | 9895222041 |
| ഫുൾടൈം ലൈബ്രേറിയൻ | ശ്രീ ലാല്യ വർഗ്ഗീസ് കെ | 9526468896 |
| ടെക്നിക്കൽ അസിസ്റ്റൻറ് | ശ്രീമതി ഹിമ വേലായുധൻ | 9539731184 |
| പ്രോജക്ട് അസിസ്റ്റൻറ് | ശ്രീമതി അനുഷ സി എസ് | 7025921107 |
| റിസോഴ്സ് പേഴ്സൺ | ശ്രീമതി ജയശ്രീ കെ ജി | 9567944522 |

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് - പദ്ധതി

| | | |
|---|---|---|
| അക്രിഡിറ്റഡ് എഞ്ചിനീയർ | ശ്രീമതി. അഖില കുട്ടപ്പൻ | 9072921929 |
| ഓവർസിയർ | ശ്രീമതി. അനുമോൾ എസ് | 9048411580 |
| | ശ്രീമതി ജിഷി ചെല്ലപ്പൻ | 8547379527 |
| അക്കൗണ്ടൻറ് കം ഐ ടി അസിസ്റ്റൻറ് | ശ്രീമതി. മെയ്മോൾ ജോസഫ് | 8129553640 |
| എസ് സി പ്രമോട്ടർ | ശ്രീമതി അഖിത ശ്രീജിത്ത് | 8086647317 |

# കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

# 2026-2027 സാമ്പത്തിക വർഷത്തെ

# ബജറ്റ്

# കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

# 2026-27 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻബാക്കി | 12866725 |
| വരവ് | 582944476 |
| ആകെ വരവ് | 595811201 |
| ചെലവ് | 493836500 |
| പദ്ധതി വകയിരുത്തൽ | 88496396 |
| ആകെ ചെലവ് | 582332896 |
| നീക്കി ബാക്കി | 13478305 |

# KADUKUTTY GRAMAPANCHAYAT

## 2026-27 BUDGET SUMMARY

| SL NO. | PARTICULARS | BUDGET FOR 2026-2027 |
|---|---|---|
| 1 | Opening Balance | 12866725 |
| 2 | Total Revenue Receipts | 156365000 |
| 3 | Total Capital Receipts | 426579476 |
| 4 | Total Receipts | 582944476 |
| 5 | Grand Total | 595811201 |
| 6 | Total Revenue Expenditure | 358106500 |
| 7 | Total Capital Expenditure | 135730000 |
| 8 | Total Expenditure | 493836500 |
| 9 | Balance | **101974701** |
| 10 | Plan Allocation | 88496396 |
| | Closing Balance | **13478305** |

# 2026-2027 BUDGET STATEMENT

| Sl No. | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| | **Opening Balance** | **25784686** | **12866725** |
| | **Revenue Receipt - 1** | | |
| | | | |
| | **Tax Revenues - 110** | | |
| | | | |
| 1 | 1100101 Property Tax (General) | 10000000 | 12000000 |
| 2 | 1101001 Profession Tax – Employees | 2200000 | 2300000 |
| 3 | 1101002 Profession Tax - Traders/ Institutions | 1200000 | 1300000 |
| | **Total Tax Revenues** | **13400000** | **15600000** |
| | | | |
| | **Fees and User Charges - 140** | | |
| | | | |
| 4 | 1401001 Private Hospital & Paramedical Institutions Registration Fee | 100000 | 150000 |
| 5 | 1401002 Tutorial College Registration Fee | 25000 | 50000 |
| 6 | 1401101 License Fees for IFTEOS | 500000 | 250000 |
| 7 | 1401105 License fee for Domestic Animals | 150000 | 175000 |
| 8 | 1401106 License Fees for Domestic Dogs | 250000 | 175000 |
| 9 | 1401107 Licence Fees For Livestock Farms | 50000 | 100000 |
| | | | |

| | | | |
|---|---|---|---|
| 10 | 1401199 Other Licensing Fees | 20000 | 100000 |
| 11 | 1401201 Fees for Construction of Buildings | 1600000 | 1800000 |
| 12 | 1401202 Fees for Installation of Machinery | 75000 | 100000 |
| 13 | 1401203 Permit Application fee | 200000 | 250000 |
| 14 | 1401204 Permit Fee for Additional FSI | 20000 | 50000 |
| 15 | 1401205 Fees for Erection of Telecommunication Tower | 100000 | 150000 |
| 16 | 1401301 Fees for Birth & Death Certificate | 100000 | 150000 |
| 17 | 1401302 Fees for Delayed Registration - Birth & Death | 100000 | 125000 |
| 18 | 1401303 Fees for Marriage Certificate | 70000 | 80000 |
| 19 | 1401304 Fee for Marriage Registration | 175000 | 75000 |
| 20 | 1401399 Fees for Other Certificates or Extracts | 25000 | 30000 |
| 21 | 1401401 Fees under RTI Act | 0 | 50000 |
| 22 | 1401701 Regularization Fees | 1000000 | 3300000 |
| 23 | 1401702 Regularization Fees for Unauthorised Construction | 50000 | 100000 |
| 24 | 1401801 Application Fee | 50000 | 100000 |
| 25 | 1402001 Penal Interest | 300000 | 400000 |
| 26 | 1402003 Other Penalities and Fines | 200000 | 300000 |
| 27 | 1402004 Compounding Fee | 500000 | 600000 |
| 28 | 1402005 Fine for Dumping Waste | 0 | 400000 |
| 29 | 1404002 Notice Fees | 100000 | 150000 |
| 30 | 1404003 Warrant Fees | 0 | 100000 |
| 31 | 1404004 Ownership Change Fees - Fine | 100000 | 150000 |
| 32 | 1404005 License Change Fees | 0 | 100000 |
| 33 | 1404008 Delayed Registration Fees | 225000 | 300000 |
| | | | |

| | | | |
|---|---|---|---|
| | | | |
| 34 | 1404009 Search Fees | 25000 | 50000 |
| 35 | 1404011 Late Fee | 70000 | 100000 |
| 36 | 1404099 Other Fees | 100000 | 150000 |
| 37 | 1405008 Receipts from Libraries | 50000 | 75000 |
| 38 | 1405018 Wastemanagement - User Charges | 50000 | 75000 |
| 39 | 1405099 Other User Charges | 20000 | 50000 |
| 40 | 1407001 Road Cutting Charges | 0 | 200000 |
| 41 | 1408001 Other Charges | 0 | 100000 |
| | **Total Fees and User Charges** | **6400000** | **10660000** |
| | | | |
| | **Sale and Hire Charges - 150** | | |
| | | | |
| 42 | 1501005 Receipts from Sale of Sand | 200000 | 300000 |
| 43 | 1501099 Receipts from Sale of Other Products | 100000 | 200000 |
| 44 | 1501101 Receipts from Sale of Forms | 50000 | 200000 |
| 45 | 1501102 Receipts from Sale of Tender Forms | 25000 | 100000 |
| 46 | 1501202 Receipts from Sale of Scrap | 200000 | 300000 |
| 47 | 1501203 Receipts from auction of obsolete assets | 200000 | 300000 |
| 48 | 1503001 Receipts from Miscellaneous Sales | 50000 | 100000 |
| | **Total Sale and Hire Charges** | **825000** | **1500000** |
| | | | |

| | | | |
|---|---|---|---|
| | | | |
| | **Revenue Grants, Contributions and Subsidies - 160** | | |
| | | | |
| 49 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 6000000 | 6500000 |
| 50 | 1601012 Fund for Transferred Functions/ Schemes - Widow Pension | 2500000 | 3000000 |
| 51 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 1500000 | 2000000 |
| 52 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 8500000 | 9000000 |
| 53 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 150000 | 300000 |
| 54 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 80000000 | 80000000 |
| 55 | 1601023 General Purpose Fund | 17575132 | 21320000 |
| 56 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 1600000 | 2000000 |
| | **Total Revenue Grants, Contributions and Subsidies** | **117825132** | **124120000** |
| | | | |
| | **Income from Investments - 170** | | |
| | | | |
| 57 | 1701001 Interest on Investments | 1000000 | 1000000 |
| 58 | 1701002 Interest on Fixed Deposits | 200000 | 900000 |
| | **Total Income from Investments** | **1200000** | **1900000** |
| | | | |

| | | | |
|---|---|---|---|
| | | | |
| | **Interest Earned - 171** | | |
| | | | |
| 59 | 1711001 Interest from Bank Accounts | 500000 | 800000 |
| | **Total Interest Earned** | **500000** | **800000** |
| | | | |
| | **Other Income - 180** | | |
| | | | |
| 60 | 1803001 Profit on Disposal of Fixed Assets | 0 | 50000 |
| 61 | 1808099 Miscellaneous Receipts | 200000 | 300000 |
| | **Total Other Income** | **200000** | **350000** |
| | | | |
| | **Prior Period Items - 280** | | |
| | | | |
| 62 | 2801001 Prior Period Income | 1000000 | 500000 |
| | **Total Prior Period Items** | **1000000** | **500000** |
| | | | |
| | **Rental Income - LB Properties - 130** | | |
| | | | |
| 63 | 1301007 Daily Rentals From Local body Properties | 0 | 10000 |
| 64 | 1301009 Rent from Auditorium and Halls | 250000 | 300000 |
| 65 | 1302003 Rent from Buildings | 0 | 200000 |
| 66 | 1304002 Rent from Grounds | 150000 | 200000 |
| 67 | 1308099 Other Rents | 200000 | 225000 |
| | | | |

| | | | |
|---|---|---|---|
| | | | |
| | Total Rental Income | 600000 | 935000 |
| | **Total Revenue Receipt** | **141950132** | **156365000** |
| | **Capital Receipt - 2** | | |
| | | | |
| | **Grants, Contribution for Specific Purposes - 320** | | |
| | | | |
| 68 | 3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres | 0 | 500000 |
| 69 | 3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs | 0 | 400000 |
| 70 | 3201004 Central Finance Commission Grant - Tied | 4677364 | 2375774 |
| 71 | 3201005 Central Finance Commission Grant - Untied | 2375774 | 4677364 |
| 72 | 3201020 Integrated Child Development Service | 2540000 | 1200000 |
| 73 | 3201035 Total Sanitation Campaign | 640000 | 2000000 |
| 74 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 625361000 | 315741500 |
| 75 | 3202001 Development Fund - General | 18575000 | 28961838 |
| 76 | 3202002 Development Fund - Special Component Plan | 7954000 | 6825000 |
| 77 | 3202009 Maintenance Fund - Road Assets | 23349064 | 16050000 |
| 78 | 3202010 Maintenance Fund - Non-Road Assets | 7349046 | 6735000 |
| | | | |

| | | | |
|---|---|---|---|
| | | | |
| 79 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | 1000000 | 20000000 |
| 80 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | 2100000 | 3000000 |
| 81 | 3202040 Grant for Solid Waste Management | 0 | 200000 |
| 82 | 3203001 Grant from Other Government Agencies | 1000000 | 2200000 |
| 83 | 3205001 Grant from Welfare Bodies | 0 | 4000000 |
